വർഷം	ചെലവ് (രൂപയിൽ)
1999-2000	54,65,65,282
2000-2001	64,41,00,425
2001-2002	80,30,55,855
2002-2003	76,87,24,846
2003-2004	70,96,98,602

(സി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ 453 ജീവനക്കാർ ജോലി ചെയ്യുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ക്രമവിരുദ്ധ സ്ഥാനക്കയറ്റം

24 [2490] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഹൈക്കോടതി സ്റ്റേ നിലനിൽക്കവേ ഏതെങ്കിലും ഉദ്യോഗസ്ഥന് ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ;

(ബി) ഇപ്രകാരം തെറ്റായി നൽകിയ സ്ഥാനക്കയറ്റം റദ്ദുചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഹൈക്കോടതി സ്റ്റേ നിൽക്കവെ ചട്ടവിരുദ്ധമായി സ്ഥാനക്കയറ്റം നൽകിയ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയത്, 26-8-2004-ലെ ജി.ഒ. (ആർ റ്റി.) 5795/2004/ധന പ്രകാരം സർക്കാർ റദ്ദു ചെയ്തിരുന്നു.

(സി) പ്രൊമോഷൻ റദ്ദുചെയ്ത ഉത്തരവ് നടപ്പാക്കാൻ കാലതാമസം വന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് കെ. സി. എസ്. (സി. സി. എ.) ചട്ടം, 1960 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും അച്ചടക്കനടപടി കൈക്കൊള്ളുന്നതിനു അന്വേഷണം നടത്തി വരികയുമാണ്.

സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ വിപുലീകരണം

25 [2491] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിന്റെ 2004-ലെ 25/04, 26/04 ഉത്തരവുകൾ പ്രകാരം പുതുതായി സ്റ്റേറ്റ് ഇൻഷ്വറൻസ് പരിധിയിലേക്ക് കൊണ്ടുവന്ന അർദ്ധ സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിലെ എത്ര ജീവനക്കാർ ഇതിനകം പോളിസി എടുത്തിട്ടുണ്ട്;

(സി) പ്രസ്തുത ഇനത്തിൽ എത്രത്തോളം ബിസിനസാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ബിസിനസിന്റെ വിപുലീകരണത്തിനനുസരിച്ച് വകുപ്പിന്റെ വിപുലീകരണം നടക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക താല്പര്യമുള്ള വാഹനങ്ങൾ, വസ്തുവകകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇൻഷ്വറൻസ് ഇടപാടുകളും സർക്കാർ ജീവനക്കാർ, എയ്ഡഡ് സ്കൂൾ, കോളേജ് അദ്ധ്യാപകർ, അർദ്ധസർക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവരുടെ ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നീ പദ്ധതികളും കേരള ഫിഷർമെൻ വെൽഫെയർ സ്കീമും ആണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

(ബി) ഏകദേശം ഒരു ലക്ഷത്തോളം പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവർക്ക് പോളിസി നമ്പർ അനുവദിച്ചുനൽകിയിട്ടുണ്ട്. പോളിസികൾ നൽകിവരുന്നു.

(സി) ഏകദേശം 100 കോടി രൂപയുടെ ബിസിനസാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) വകുപ്പിൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചും മറ്റുമുള്ള നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തിക്കഴിഞ്ഞു. 2005-06 വർഷത്തിൽ ഇത് ഏറ്റെടുത്ത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള വാർഷികാദായം

26 [2492] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽനിന്നുള്ള വാർഷികാദായം എത്രയായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പുതിയ പദ്ധതികൾ നടപ്പിലാക്കിയതുവഴി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാകുന്ന വാർഷികാദായം എത്രയാണ്;

(ഡി) പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ ഉൾപ്പെടെയുള്ള ഭരണ സംവിധാനം വകുപ്പിൽ സജ്ജമാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly